For Private Circulation Only

August 2018

ആഗമനാരുണൻ

Vol.65

സകല പ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും അതിനായി ജാഗരിച്ചും..... സ്ഥിരത കാണിപ്പിൻ (എഫെ. 6:18)

No.8

പ്രാർത്ഥനയിൽ പോരാടുന്നവർക്കു വേണ്ടിയുള്ള വിളി

By Ruth Paxson

ദൈവരാജ്യത്തിന്റെ അവകാശികൾ എന്ന നിലയിലും ക്രിസ്തുവിനോടുകൂടെ കൂട്ടവകാശികൾ എന്ന നിലയിലും സ്വർഗ്ഗസ്ഥലങ്ങളിൽ ഇരുത്തപ്പെട്ട വിശ്വാസിക്കു ലഭിക്കുന്ന അത്യന്ത ധനത്തെ പരാമർശിച്ചുകൊണ്ടാണ് എഫെസ്യലേഖനം ആരംഭിക്കുന്നത്. അങ്ങനെ നാം സ്നേഹത്തിലും കൂട്ടുവിശ്വാസികളുമായുള്ള അനുഗ്രഹിക്കപ്പെട്ട കൂട്ടായ്മയിലും കർത്താവിന്റെ ബലത്തിലും സമാധാനത്തിലും കർത്താവിന് യോഗ്യമാംവണ്ണം നടക്കുന്നു. നമുക്ക് വരാൻ പോകുന്ന മഹത്വവും നമുക്ക് നൽകുന്ന നിത്യവാസവും ലേഖനം നമ്മെ ഓർമ്മിപ്പിക്കുന്നു.

എന്നാൽ ആറാം അദ്ധ്യായം പത്താം വാക്യത്തിലേക്ക് വരുമ്പോൾ കാണുന്ന കാഴ്ച വ്യത്യസ്ഥമാണ്! നാം പെട്ടെന്ന് സമാധാനമുള്ള അന്തരീക്ഷത്തിൽ നിന്നും ഒരു യുദ്ധക്കളത്തിലേക്ക് മാറ്റപ്പെടുയാണ്. യുദ്ധത്തിനായുള്ള വെല്ലുവിളി അവിടെ നാം കേൾക്കുന്നു, യുദ്ധത്തിന്റെ പുക അവിടെ നാം മണക്കുന്നു (എഫെ. 6:10-18) വരെ വായിക്കുമ്പോൾ അവിടെ നാം ഒരു ശത്രുവിനെ കാണുന്നു, സാത്താനുമായുള്ള യുദ്ധത്തിനായി നാം നിർബ്ബന്ധിതരാവുന്നു. ഇവിടെ സ്വർഗ്ഗസ്ഥലങ്ങളിൽ ക്രിസ്തുവിനോടുകൂടെ സന്തോഷിക്കുന്ന അനുഭവമാണെങ്കിലും വിശ്വാസിക്ക് ഒഴിച്ചുകൂടാൻ കഴിയാത്ത ഒരു അനുഭവമാണ് യുദ്ധം. പരിശുദ്ധാത്മാവ് നിറഞ്ഞ് നടക്കുന്നുവെങ്കിലും ഈ ലോകത്തിൽ നാം അന്യരും പരദേശികളുമാണ്. "സർവ്വ ലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു" (1യോഹ. 5:19). അതുകൊണ്ട് യുദ്ധത്തിന്റെ കാഹളം ഇവിടെ മുഴങ്ങുന്നു. സകല വിശ്വാസികളും ധൈര്യത്തോടെ പ്രതികരിക്കേണ്ടതാണ്.

"കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെടുവിൻ. പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തുനില്പാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ. .... സകല പ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും അതിനായി ജാഗരിച്ചും കൊണ്ട് ...പ്രാർത്ഥനയിൽ പൂർണ്ണസ്ഥിരകാണിപ്പിൻ".

ഒരു പ്രാർത്ഥനാ വീരന്റെ ആത്മാവ് അപരിചിതമായൊരു വിരോധാഭാസമാണ്. പുറമേ ശക്തിയെ അന്വേഷിക്കുന്ന ബലഹീനത മനോഭാവം, എന്നാൽ സാത്താനോടുള്ള ബന്ധത്തിൽ ഒരു വിശ്വാസി ജയിക്കാനായി ഉറച്ച നിലപാടുള്ള ഒരു വീരനാണ്. ഈ രണ്ട് മനോഭാവങ്ങൾ അവന്റെ പ്രാർത്ഥനയുടെ കാരണവും ശക്തിയുമാണ്.

ഒരു വിശ്വാസ വീരനെ സംബന്ധിച്ചിടത്തോളം ശത്രുവിനെ നേരിടുവാനും അവനെ ജയിക്കുവാനും അവൻ തന്നിൽ തന്നെ ഒന്നുമല്ല. അവൻ ശത്രുവിനോടും അവന്റെ സേനയോടും എതിർത്തു നിൽക്കുന്നു. അവൻ തന്റെ രാജാവും അധിപതിയുമായവന്റെ വാക്കുകളെ സന്തോഷത്തോടെ കൈക്കൊള്ളുന്നു. "എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴികയില്ല". എന്നാൽ ഒരു പോരാളി ക്രിസ്തുവിൽ എല്ലാമാണ്. തന്റെ ഏറ്റവും വലിയ ആവശ്യം എന്നത് തന്റെ യജമാനനുമായുള്ള ബന്ധം കാത്തു സൂക്ഷിക്ക എന്നതാണ്.

പ്രാർത്ഥനയിലൂടെ ജയവീരനായ ക്രിസ്തുവുമായി ഇടമുറിയാതെയുള്ള ബന്ധമാണ് സാത്താന്റെ മേലുള്ള സ്വഭാവികമായ വിജയത്തന് അടിസ്ഥാനം.

"സകല പ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും അതിനായി ജാഗരിച്ചുംകൊണ്ട് സകല വിശുദ്ധന്മാർക്കും എനിക്കും വേണ്ടി പ്രാർത്ഥനയിൽ പൂർണ്ണ സ്ഥിരതകാണിപ്പിൻ" (എഫെ. 6:18).

എപ്പോഴും പ്രാർത്ഥിപ്പിൻ

എപ്പോഴും പ്രാർത്ഥിക്കുക എന്നത്, കർത്താവുമായുള്ള ഇടമുറിയാത്ത ബന്ധവും എല്ലാറ്റിലും, എല്ലായ്പ്പോഴും എല്ലാ സ്ഥലത്തും ഉയരത്തിലേക്ക് മാത്രം നോക്കിയുള്ള ഒരു ആന്തരിക അനുഭവമാണ്. ഒരു വാക്കുപോലും ഉച്ചരിച്ചില്ലെങ്കിലും സാധാരണ ദിവസങ്ങളിലും പ്രത്യേക സന്ദർഭങ്ങളിലും ആശ്രയത്തിനായി ദൈവത്തിലേയ്ക്ക് മാത്രം കൈനീട്ടിയിരിക്കുന്ന അനുഭവമാണത്. പ്രാർത്ഥനയിലൂടെ മാത്രം ലഭിക്കുന്ന ബലവും ജ്ഞാനവും മാത്രമാണ് സാത്താനെതിരെയുള്ള ഒരുക്കത്തിൽ നമ്മെ ശക്തീകരിക്കുന്നത്.

ദൈവത്തിന്റെ സർവ്വശക്തിയിൽ ആശ്രയിച്ച് പോരാടുന്ന ഒരു വിശ്വാസിയെ ഭയപ്പെടുന്നതിനെക്കാൾ മറ്റൊന്നിനെയും സാത്താൻ ഭയപ്പെടുകയില്ല. അതുകൊണ്ട് നമ്മെ പ്രാർത്ഥനയിൽ നിന്നും അകറ്റുവാൻ സാത്താൻ ഏതു തന്ത്രവും പ്രയോഗിക്കും. അവൻ ശരീരത്തിൽ ക്ഷീണവും ബലഹീനതയും ഉണ്ടാക്കുവാൻ ശ്രമിക്കും. ഭവനത്തിലും സമൂഹത്തിലും പ്രശ്നങ്ങളുണ്ടാക്കി മനസിനെ ക്ഷീണിപ്പിക്കുവാൻ ശ്രമിക്കും; സംശയങ്ങളുണ്ടാക്കി മനസിനെ ക്ഷീണിപ്പിക്കുവാൻ ശ്രമിക്കും. സംശയങ്ങളുണ്ടാക്കി പ്രാർത്ഥനയിലുള്ള നമ്മുടെ ശക്തിയെ ക്ഷീണിപ്പിക്കുവാൻ ശ്രമിക്കും; അധൈര്യവും നിരാശയുമുണ്ടാക്കും. അപ്പോൾ സാത്താ

(ശേഷം 5-ാംപേജിൽ)

ദൈവത്തിന്റെ കുടുംബം

By Lois J. Stucky

എഫെസ്യലേഖനം 3:14-15 വാക്യങ്ങളിൽ നാം വായിക്കുന്നത് അതു നിമിത്തം ഞാൻ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബത്തിനും പേർ വരുവാൻ കാരണമായ പിതാവിന്റെ സന്നിധിയിൽ മുട്ടുകുത്തുന്നു. പൗലൊസ് വീണ്ടും സംസാരിക്കുന്നത്; ആ കുടുംബം ദൈവത്തിന്റെ പ്രവർത്തികളിൽ ഏറ്റവും മേത്തരമായതാണ്. പൗലൊസ് വീണ്ടും സംസാരിക്കുന്നത്, അത് ദൈവത്തിന്റെ എല്ലാ നിറവിനാലും നിറഞ്ഞിരിക്കുന്നു. ഏതാണ് പൗലൊസ് സംസാരിക്കുന്ന ആ കുടുംബം.

ബിഷപ്പ് ജെ.സി.റയൽ (1816-1900). പ്രായോഗികമതം എന്ന പുസ്തകത്തിൽ ഈ കുടുംബത്തെക്കുറിച്ച് അത്യാവശ്യമായി അറിയുവാനുള്ള കാര്യങ്ങൾ പറഞ്ഞിരിക്കുന്നു. അദ്ദേഹം പറയുന്നത് ആ കുടുംബത്തിലെ അംഗങ്ങളായിരിക്കുന്നത് എല്ലാക്കാലത്തും സഭയിലും രാജ്യങ്ങളിലും ഭാഷകളിലുമുള്ള യഥാർത്ഥ വിശ്വാസികളായി ജീവിക്കുന്നവരും, ക്രിസ്തുവിലുള്ള സകല സത്യവിശ്വാസികളും, സകല വിശുദ്ധന്മാരുമാണ്. അവരെക്കുറിച്ച് പൗലൊസ് പറയുന്നത് ദൈവത്തിന്റെ ഭവനക്കാർ (എഫെ. 2:19) എന്നാണ്. അവർ ഒരിക്കലും അപരിചിതരും വിദേശികളുമല്ല. ദൈവത്തിന്റെ കുടുംബത്തിലെ അംഗങ്ങൾ എത്ര അനുഗ്രഹിക്കപ്പെട്ടവരാണ്!

എന്തുകൊണ്ടാണ് സത്യവിശ്വാസികളെ ദൈവത്തിന്റെ കുടുംബക്കാർ എന്ന് പറയുന്നതെന്ന് ബിഷപ്പ് റയൽ വ്യക്തമാക്കുന്നുണ്ട്. ഒന്നാമതായി എല്ലാവരും ഒരു പിതാവിന്റെ മക്കളാണ്. കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ അവർ ദൈവമക്കളാണ്. ഒരേ ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ ദൈവത്തിന്റെ കുടുംബത്തിലേക്ക് ജനിച്ചിരിക്കുന്നു. അവർ എല്ലാവരും ഒരു പിതാവിനെ സ്നേഹിക്കയും ആരാധിക്കയും ചെയ്യുന്നു. അവർ എല്ലാവരും ആ പിതാവിന്റെ സ്നേഹത്തിലുള്ള കരുതലിനായി പിതാവിൽ ആശ്രയിക്കുന്നു.

രണ്ടാമതായി, അവർ എല്ലാവരും യേശുവിനെ കർത്താവും മൂത്ത സഹോദരനുമായി കൈക്കൊണ്ട് ആരാധിക്കയും സ്നേഹിക്കയും ചെയ്യുന്നു. അവർ എല്ലാവരും കുടുംബത്തിന്റെ പേരായ ക്രിസ്ത്യാനി എന്ന നാമം വഹിക്കുന്നു. യേശു നമ്മോട് സംസാരിക്കുന്നത്, " ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവൻ തന്നെ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു" (മർ ക്കൊ. 3:35).

മൂന്നാമതായി റയൽ പറയുന്നത് അവരെ ഒരു കുടുംബം എന്ന് പറയുവാൻ കാരണം അവർ സമാന സ്വഭാവം കാത്തു സൂക്ഷിക്കുന്നു എന്നതാണ്. റയൽ പറയുന്ന അവരുടെ സമാനസ്വഭാവങ്ങൾ: അവർ എല്ലാവരും പാപത്തെ വെറുക്കുന്നു ദൈവത്തെ സ്നേഹിക്കുന്നു. കർത്താവായ യേശുക്രിസ്തുവിലുള്ള രക്ഷയിൽ അവർ പ്രത്യാശവയ്ക്കുന്നു. അവർ ഈ ലോകത്തിലുള്ളതിനെ സ്നേഹിക്കാതെ ഉയരത്തിലുള്ളതിൽ പ്രത്യാശവയ്ക്കുന്നു. അവർ എല്ലാവരും വിലയേറിയ ദൈവവചനമായ വേദപുസ്തകത്താൽ തങ്ങളുടെ ആത്മാക്കളെ പോഷി

(ശേഷം 4-ാം പേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വനന്ദനം. ''കാൺമിൻ നാം ദൈവമക്കൾ എന്ന് വിളിക്കപ്പെടുവാൻ പിതാവു നമുക്കു എത്ര വലിയ സ്നേഹം നൽകിയിരിക്കുന്നു. അങ്ങനെ തന്നേ നാം ആകുന്നു. ലോകം അവനെ അറിഞ്ഞിട്ടില്ലായ്കകൊണ്ട് നമ്മെയും അറിയുന്നില്ല പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു നാം ഇന്നതു ആകും എന്നു ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുംപോലെ തന്നേ കാണുന്നതാകകൊണ്ടു അവനോടു സദൃശന്മാർ ആകും എന്നു നാം അറിയുന്നു '' (1യോഹ.3:1,2).

2018-ാം വർഷത്തിന്റെ ജൂലൈ മാസം നമ്മെ വിട്ട് കടന്നുപോയി. ആഗസ്റ്റ് മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

മരണത്തെ ജയിച്ച് സകലത്തിന്മേലും അധികാരം പ്രാപിച്ച ക്രിസ്തുവിൽ നാം ആയിരിക്കുന്നുവെങ്കിലും ഈ ലോകത്തിലെ യാതൊന്നിനും നമ്മെ പരാജയപ്പെടുത്തുവാൻ കഴിയുകയില്ല. പിതാവിനെ പൂർണ്ണമായി അനുസരിക്കുമ്പോൾ മാത്രമേ കർത്താവ് നമുക്കായി ഒരുക്കുന്ന ഭവനത്തിൽ എത്തിച്ചേരുവാൻ സാദ്ധ്യമാകൂ. ക്രിസ്തീയ ജീവിതം ഒരു യുദ്ധക്കളമാണ്. എല്ലാവിധ ദുഷ്ടതകളോടും നാം പോരാടേണം.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ ***IFSC code SBIN 0070028 A/c. No. 67342839891*** *സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.*

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in
മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

അത്ഭുതവാനായ യേശു

By R.A.Torrey

" നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കു ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന് അത്ഭുത മന്ത്രി, വീരനാം ദൈവം, നിത്യപിതാവു, സമാധാനപ്രഭു എന്ന് പേർ വിളിക്കപ്പെടും. " (യെശ. 9:6).

ജ്വലിക്കുന്ന ഈ വചനങ്ങൾ 740 വർഷങ്ങൾക്ക് മുമ്പ് യേശുക്രിസ്തു ബത്ലെഹേമിൽ ജനിക്കുന്നതിന്റെ മുന്നോടിയായി പരിശുദ്ധാത്മാവിനാൽ പ്രകാശിപ്പിക്കപ്പെട്ട് എഴുതിയതാണ്. നമ്മുടെ കർത്താവിന്റെ ദൈവികമഹത്വം, നിരുപമമായ സ്വഭാവം, അത്ഭുത പൂർണ്ണമായി കർത്തവ്യങ്ങൾ എന്നിവയെ പ്രസ്തുത പ്രവചന വചനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നമ്മുടെ ചിന്തയ്ക്ക് വിധേയമാക്കുന്ന ഒരു വിശേഷണം സ്വഭാവമാണ് എന്ന വൈശിഷ്ട്യമാണ് നമ്മുടെ ചിന്താവിഷയം.

വേദപുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്ന നാമങ്ങൾക്ക് അർത്ഥമുണ്ട്. വിശേഷിച്ച് ദൈവത്തെ പിതാവായും യേശുവിനെ പുത്രനായും പരിശുദ്ധാത്മാവിനെ നമ്മെ വിശുദ്ധിയിൽ കാത്ത് സൂക്ഷിച്ച് സംസർഗ്ഗത്തിലൂടെ നിത്യവും നമ്മിൽ വസിക്കുന്നവനായും വെളിപ്പെടുത്തിയിരിക്കുന്നു. ഒരു നാമം വെളിവാക്കുന്നത് ആ വ്യക്തി ആരാകുന്നു എന്നതാണ്. യേശുക്രിസ്തു അത്ഭുതവാൻ ആകയാൽ ആ വിശേഷണമായി പേരിൽ ഉൾപ്പെടുത്തിയിരിക്കുന്നു. യേശു കർത്താവ് തന്റെ പ്രകൃതിയിലും, സ്വഭാവത്തിലും, പ്രവൃത്തിയിലും അത്ഭുതവാൻ അത്രേ.

1. യേശുവിന്റെ പ്രകൃതിയിൽ അത്ഭുതവാൻ.

അവൻ ദൈവിക ആസ്തിത്വം ഉള്ളവൻ ആകുന്നു; മറ്റ് മനുഷ്യർ ആരും ദൈവികരല്ല. പഴയനിയമവും പുതിയ നിയമവും ആ വലിയ സത്യത്തെ ഉയർത്തിപ്പിടിക്കുന്നു. അവനെ പ്രിയ മകൻ എന്ന് മർക്കൊസ് 12:6 -ൽ പരാമർശിച്ചിരിക്കുന്നു. "ഇവൻ എന്റെ പ്രിയപുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിക്കുന്നു; ഇവന്നു ചെവികൊടുപ്പിൻ " എന്ന് മറുരൂപമലയിൽ യേശുകിസ്തു രൂപാന്തരപ്പെട്ടപ്പോൾ സ്വർഗ്ഗത്തിൽ നിന്ന് ഒരു ശബ്ദം ഉണ്ടായി". (മത്തായി 17:5).

ഞാനും പിതാവും ഒന്നാകുന്നു എന്നു യോഹന്നാൻ 10:30-ൽ എഴുതിയിരിക്കുന്നു. എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു യോഹ. 14:9..

" എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതുപോലെ പുത്രനെയും ബഹുമാനിക്കേണ്ടതിനു പിതാവു ആരെയും ന്യായം വിധിക്കാതെ ന്യായവിധി എല്ലാം പുത്രന് കൊടുത്തിരിക്കുന്നു " യോഹന്നാൻ 5:22.

യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിന് ശേഷം തോമസ് അപ്പൊസ്തലൻ യേശുവിന്റെ കാൽക്കൽ വീണു പ്രസ്താവിച്ചത്. എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവേ എന്നത്രേ (യോഹന്നാൻ 20:28 വി.പൗലൊസ് അപ്പൊസ്തലൻ രേഖപ്പെടുത്തിയിരിക്കുന്നതു അവനിലല്ലോ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത്. (കൊലൊ.2:9) അവൻ സർവ്വത്തിനും മീതെ ദൈവമായി എന്നെന്നേക്കും വാഴ്ത്തപ്പെട്ടവൻ; ആമേൻ റോമർ 9:5

" അവൻ അവന്റെ (പിതാവിന്റെ) തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തേയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും ആകുന്നു". എബ്രാ. 1:3.

" അവൻ എല്ലാവരുടേയും കർത്താവായ യേശുക്രിസ്തു" (അ.പ്ര.10:36) എന്ന് പത്രൊസ് അപ്പൊസ്തലൻ എഴുതുന്നു.

അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചില്ല എന്ന് പൗലൊസ് അപ്പൊസ്തലൻ ഫിലിപ്പിയർ 2:67-ൽ രേഖപ്പെടുത്തിയിരിക്കുന്നു.

യേശുക്രിസ്തു സകല സവിശേഷതകളും തികഞ്ഞവനും ദൈവിക സ്വഭാവങ്ങളായ മഹത്വും, വല്ലഭതവും, അധികാരവും, ശക്തിയും നിറഞ്ഞവനും അത്രേ.

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

(2-ാം പേജിന്റെ തുടർച്ച)

ദൈവത്തിന്റെ കുടുംബം

പ്പിക്കുന്നു. അവർ എല്ലാവരും ദൈവത്തിന്റെ ഒരേ സിംഹാസനത്തിൻമുമ്പിൽ പ്രാർത്ഥനയ്ക്കായി ഒത്തു ചേരുന്നു. അവർ എല്ലാവരും ഒരേ ആത്മിക അനുഭവമുള്ളവരായി ഒരേ അനുതാപം, വിശ്വാസം, പ്രത്യാശ, സനേഹം, താഴ്മ എന്നിവ ഉള്ളവരായി പഴയ മനുഷ്യനെ ഉരിഞ്ഞു കള ഞ്ഞ് ക്രിസ്തുവിൽ പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നു.

മുകളിൽ പ്രസ്താവിച്ചത് ലോകത്തിലുള്ള ദൈവകുടുംബക്കാരുടെ കാര്യമാണ്. എന്നാൽ സ്വർഗ്ഗത്തിൽ ചേർക്കപ്പെട്ട എണ്ണിക്കൂടാത്ത സൈന്യത്തേയും കൂട്ടിച്ചേർക്കേണ്ടതായിട്ടുണ്ട്. അവർ ഈ ലോകത്തിലും കഷ്ടങ്ങളും, അപകടങ്ങളും, ക്രൂശുകളും, വേദനകളും, നിരാശകളും, ഭയങ്ങളും തരണം ചെയ്ത് തങ്ങളുടെ ഓട്ടം തികച്ചവരാണ്. അവർ ഇപ്പോൾ ഉയരത്തിൽ കർത്താവിന്റെ സന്നിധിയിൽ വിശ്രമിക്കുന്നു. മഹത്വം! സന്തോഷം , സമാധാനം, ഇന്ന് സ്വർഗ്ഗത്തിലും ഭൂമിയിലുമായിട്ട് ആയിരിക്കുന്ന കുടുംബാംഗങ്ങൾ ആസന്ന ഭാവിയിൽ ഒരുമിച്ചു ചേരും. ഇന്ന് അത് നമുക്ക് മറപൊരുളായിരിക്കുന്നു.

ദൈവത്തിന്റെ കുടുംബത്തിലെ അംഗമായിരിപ്പാൻ കഴിയുക എന്നത് വർണ്ണിപ്പാൻ കഴിയാതവണ്ണം അത്ഭുതകരമായിരിക്കുന്നു! ആ പ്രത്യാശ നാം പ്രാപിച്ചിട്ടുണ്ടോ? നാം ഏത് കുലത്തിൽപ്പെട്ടവരായാലാം, സംസ്കാരത്തിൽപെട്ടവരായാലും ഏതു രാജ്യത്തിലോ നിറത്തിലോ ഉള്ളവരായാലും യഥാർത്ഥ വിശ്വാസികൾ ഒരു കുടുംബമാണ്. അന്ധകാരത്തിൽ നിന്നും വിളിച്ച് വേർതിരിക്കപ്പെട്ട് സുവിശേഷത്തിന്റെ അത്ഭുതപ്രകാശത്തിലേക്ക് വിളിക്കപ്പെട്ടവർ നരകത്തിന്റെ സ്വാധീനത്തിൽ നിന്നും രക്ഷപ്പെട്ടവരും ആത്മീയ പകയുതയുമുള്ളവരുമായ വിശുദ്ധന്മാർ ദൈവകുടുംബത്തിലെ അംഗങ്ങളാണ്. (യോഹ.3:16). യോ.17:20-23 വരെയുള്ള വാക്യങ്ങളിൽ പ്രതിപാദിക്കുന്ന ക്രിസ്തുവിന്റെ പ്രാർത്ഥനയിൽ കാണുന്ന നമ്മുടെ കർത്താവിന്റെ ആഗ്രഹപ്രകാരം ക്രിസ്തുവിൽ ഒന്നായി ദൈവകുടുംബത്തിന്റെ അംഗമായിത്തീരുവാൻ കഴിഞ്ഞിട്ടുണ്ടോ?

നമ്മുടെ ഹൃദയത്തിലും ദർശനത്തിലും ഒരു വിശാലതയ്ക്കായി ദൈവത്തോട് പ്രാർത്ഥിക്കാം. 133-ാം സങ്കീർത്തനത്തിൽ പറയുന്ന ഇതാ സഹോദരന്മാർ ഒത്തൊരുമിച്ച് വസിക്കുന്നത് എത്ര ശുഭവും എത്രമനോഹരവും ആയിരിക്കുന്നു. എന്നുള്ള വചനം നമ്മുടെ ജീവിതത്തിൽ അനുഭവമായിത്തീരുവാൻ ദൈവമായ കർത്താവ് സഹായിക്കയും അനുഗ്രഹിക്കയും ചെയ്യുമാറാകട്ടെ.

❖

(3-ാം പേജിന്റെ തുടർച്ച)

അത്ഭുതവാനായ യേശു

അവൻ ദൈവമാകുന്നു. അതുകൊണ്ട് യെശയ്യാവ് പ്രവാചകൻ യേശുക്രിസ്തുവിനെ അത്ഭുതമന്ത്രി എന്ന് വിളിക്കുന്നു. ഏറ്റവും അത്ഭുതവാനും എല്ലാ വിവരണങ്ങൾക്കും സാമാന്യ സങ്കല്പങ്ങൾക്കും അതീതനും ആകയാൽ നമ്മുടെ സന്തോഷ പുരസരമുള്ള ആരാധനയ്ക്കും ഏറ്റവും ഉന്നതമായ സ്തുതികൾക്കും യോഗ്യനായി കാലത്തിന്റെ അതിർ വരവമ്പുകൾ ഭേദിച്ചുകൊണ്ട് കാലാവസാനത്തോളവും നിത്യതയിലും ഔന്നത്യത്തോടെ വാഴുന്നു.

യേശുക്രിസ്തു അത്ഭുതവാനായിരിക്കുന്നത് ദൈവിക പ്രകൃതിയാൽ മാത്രമല്ല പിന്നെയോ അവൻ യഥാർത്ഥ മനുഷ്യനായും ഇരിക്കുന്നതിനാൽ തന്നേയാണ്. വി. പൗലൊസ് തിമൊഥെയോസിന് ലേഖനം എഴുതുമ്പോൾ ഇപ്രകാരം രേഖപ്പെടുത്തുന്നു. " ദൈവം ഒരുവനല്ലോ; ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ. എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നേ". 1തിമൊഥയൊസ് 2:5,6.

" ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവം ആയിരുന്നു. അവൻ ആദിയിൽ ദൈവത്തോടു കൂടെ ആയിരുന്നു". യോഹന്നാൻ 1:1,2

2. യേശുക്രിസ്തുവിന്റെ സ്വഭാവങ്ങൾ അത്ഭുതവാൻ

യേശുവിന്റെ പ്രകൃതിയിൽ ദൈവികമഹത്വവും പരിപൂർണ്ണമായ മനുഷ്യത്വവും ഉള്ളതിനാൽ അവൻ അത്ഭുതവാൻ ആയിരിക്കുന്നതുപോലെ അവന്റെ സ്വഭാവത്തിലും അത്ഭുതവാൻ ആകുന്നു. യേശുക്രിസ്തുവിന്റെ സ്വഭാവം തികച്ചും സമ്പൂർണ്ണമാണ്. അവനിൽ യാതൊരു കളങ്കവും കറയും ഇല്ല. അവൻ കുറ്റമറ്റവൻ ആയിരിക്കുക മാത്രമല്ല; പിന്നെയോ സ്വഭാവത്തിന്റെ പരിപൂർണ്ണത അവനിൽ നിലനില്ക്കുന്നു. സ്വഭാവത്തിന്റെ സമ്പൂർണ്ണതയിൽ ന്യൂനതയാതൊന്നും കണ്ടെത്താൻ കഴിയാത്തവനാണ് യേശുക്രിസ്തു. ആണ്ടുകൾ കഴിഞ്ഞുപോകുമ്പോൾ നാം യേശുവിനെ അധികമായി പഠിക്കുമ്പോൾ അവനിൽ അധികമായി സ്വഭാവത്തിന്റെ തികവായ പൂർണ്ണത നമുക്ക് കണ്ടെത്താൻ കഴിയുന്നു. ഈ ശത്രുത്വമുള്ള ലോകത്തിൽ യേശുവിന്റെ ജീവിതത്തിൽ ഏതെങ്കിലും സ്വഭാവത്തിൽ അപൂർണ്ണത കണ്ടുപിടിക്കാൻ അന്വേഷിച്ചവർക്ക് യാതൊന്നും തന്നെ കണ്ടെത്താൻ കഴിഞ്ഞില്ല. അനേകം നൂറ്റാണ്ടുകൾ വൈകല്യവും കാണുവാൻ സാദ്ധ്യമായില്ല. ഏതെങ്കിലും ഒരു കുറ്റത്തിന്മേലെങ്കിലും വിരൽ ചൂണ്ടുവാൻ ആരെങ്കിലും പ്രയത്നിച്ചുവെങ്കിൽ ഒരു ചെറിയ ന്യൂനത പോലും കാണുവാൻ കഴിയാത്തത് അത്ഭുതകരമത്രേ. യുഗങ്ങളായി യേശുക്രിസ്തു അത്ഭുതവാനായി നിലകൊള്ളുന്നു. സമ്പൂർണ്ണതയുള്ള നിസ്തുലമായ ജീവിതത്തിന്റെ ഉടമയും അവൻ മാത്രമാണ്. അപ്രകാരം ഉള്ള ഏക സ്വഭാവം യേശുക്രിസ്തുവിൽ മാത്രമേ ദൃശ്യമാകുന്നുള്ളു.

3. യേശുക്രിസ്തു വിശുദ്ധിയിൽ സമ്പൂർണ്ണൻ

പൗലൊസ് അപ്പൊസ്തലൻഡ യേശുക്രിസ്തുവിനെക്കുറിച്ച് പറഞ്ഞത് പരിശുദ്ധനും നീതിമാനുമായവൻ എന്നാണ്. യോഹന്നാൻ യേശുവിനെക്കുരിച്ച് എഴുതിയിരിക്കുന്നത് അവൻ പരിശുദ്ധൻ ആകുന്നു എന്നത്രേ. 1യോഹന്നാൻ 2:20.

അശുദ്ധാത്മാക്കൾ പോലും അവനെ കണ്ടപ്പോൾ നിലവിളിച്ചത്: ദൈവത്തിന്റെ പരിശുദ്ധൻ തന്നേ എന്നു പറഞ്ഞു- മർക്കൊസ് 1:24. എബ്രായ ലേഖന കർത്താവ് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

ഇങ്ങനെയുള്ള മഹാപുരോഹിതനല്ലോ നമുക്കു വേണ്ടിയതു, പവിത്രൻ, നിർദ്ദോഷൻ, നിർമ്മലൻ, പാപികളോടു വേറുവിട്ടവൻ സ്വർഗ്ഗത്തെക്കാൾ ഉന്നതനായി തീർന്നവൻ എന്നത്രേ". എബ്രാ. 7:26 .

യേശു പാപം ഒഴികെ സർവ്വത്തിലും നമുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ടവൻ അത്രേ .എബ്രാ. 4:15

(ശേഷം 7-ാംപേജിൽ)

(1-ാം പേജിന്റെ തുടർച്ച)

പ്രാർത്ഥനയിൽ പോരാടുന്നവർക്കു വേണ്ടിയുള്ള വിളി

ന്റെ തന്ത്രങ്ങളെ കണ്ടുണർന്ന് പ്രാർത്ഥനയിൽ ശക്തിപ്പെടേണ്ടതാണ്.

സകല പ്രാർത്ഥനയാലും യാചനയാലും എന്നതിന് ബഹുവിധമായ അർത്ഥങ്ങളാണുള്ളത്. എല്ലാ അവസരങ്ങളിലും പ്രാർത്ഥിക്കണം. ഒരു പ്രാർത്ഥനാ ഗ്രൂപ്പിൽ പ്രാർത്ഥിക്കണം. പ്രാർത്ഥനായോഗങ്ങളിൽ പ്രാർത്ഥിക്കണം. പൊതു ആരാധനകളിൽ പ്രാർത്ഥിക്കണം, ദൈവമക്കളുടെ എല്ലാ കൂടിവരവുകളിലും പ്രാർത്ഥിക്കണം. എല്ലാ സ്ഥലത്തും പ്രാർത്ഥിക്കണം. ഒരു അടച്ച മുറിയിൽ രഹസ്യമായി ദൈവത്തോട് കുടുംബ പ്രാർത്ഥനകളിൽ; ബൈബിൾ ക്ലാസുകളിൽ; ധ്യാനയോഗങ്ങളിലും പ്രാർ ത്ഥിക്കുന്നു. എപ്പോഴും പ്രാർത്ഥിക്കണം സമൃദ്ധിയിലും ദാരിദ്ര്യത്തിലും; രോഗത്തിലും ആരോഗ്യത്തിലും രാവിലെ ഉച്ചയ്ക്ക് വൈകുന്നേരത്ത്, സങ്കീർത്തനക്കാരൻ പരഞ്ഞതുപോലെ എല്ലാറ്റിനുവേണ്ടിയും പ്രാർ ത്ഥിക്കണം. നമ്മുടെ വ്യക്തിപരമായ ജീവിതത്തിനുവേണ്ടി; കുടുംബത്തിനുവേണ്ടി, ബിസിനസ് കാര്യങ്ങൾക്കു വേണ്ടി, ജീവിത മാർഗ്ഗങ്ങൾക്കു വേണ്ടി; സാത്താനു പ്രവർത്തിപ്പാൻ ഒരു ചെറിയ പഴുതുപോലു മുണ്ടാകാതിരിക്കേണ്ടതിനായി പ്രാർത്ഥിക്കണം. എല്ലാറ്റിന്റെയും സംരക്ഷണത്തിനായി പ്രാർത്ഥിക്കണം.

“യാചനയാലും നമ്മുടെ സ്വന്ത ആവശ്യങ്ങൾക്കപ്പുറമായി മറ്റുള്ളവരുടെ ആവശ്യങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കണം. ഒരു വിശ്വാസിയുടെ പ്രത്യേക ആവശ്യത്തിനുവേണ്ടിയോ ആപത്തിലായിരിക്കുന്ന ഒരു വ്യക്തിക്കു വേണ്ടിയോ ദൈവത്തോട് യാചിക്കണം. കാരാഗൃഹത്തിൽ കിടന്ന പത്രോസിനുവേണ്ടി സഭ ശ്രദ്ധയോടെ പ്രാർത്ഥിച്ചു.

“ ആത്മാവിൽ പ്രാർത്ഥിക്കണം ”. ജഡത്തിന്റെ ആയുധങ്ങൾ ആത്മിക പോരാട്ടത്തിൽ പ്രയോജനമില്ല, ജഡത്തിലെ പ്രാർത്ഥനശക്തിയില്ലാത്തതുമാണ്. പുറമേയുള്ള തും യാഥാർത്ഥ്യമില്ലാത്തതുമായ പ്രാർത്ഥയുണ്ട്, വാക്കുകളുടെ ഭംഗിയുണ്ട്, പക്ഷേ ശക്തിയുണ്ടാവില്ല. ആത്മീയ പോരാട്ടത്തിന്റെ നമ്മുടെ പ്രാർത്ഥന പ്രയോജനകരമായിത്തീരണമെങ്കിൽ, നമ്മുടെ യുദ്ധക്കളത്തെ മൊത്തമായി അറിയുന്ന, യുദ്ധത്തെ സംബന്ധിച്ച സാത്താന്റെ പദ്ധതി അറിയുന്ന, ഓരോ പ്രാർത്ഥനാ വീരന്റെയും സ്ഥലവും അവന്റെ പങ്കും നന്നായി അറിയുന്ന, യുദ്ധത്തിന്റെ പരിണതഫലം നന്നായി അറിയുന്ന,മാത്രമല്ല, തന്റെ നിത്യമായ പദ്ധതിയിലേക്കു നമ്മെ നടത്തുന്ന ദൈവത്തിൽ നാം ആരംഭിക്കേണ്ടതാണ്. പ്രാർത്ഥിക്കാനുള്ള പ്രാർത്ഥന ദൈവം തന്നെ നമുക്കു തരണം. അതു ദൈവത്തിന്റെ ഹൃദയത്തിൽ നിന്നും നമ്മുടെ ജീവിത്തിൻ ആഴമായ സമർപ്പണത്തോടുകൂടെ ആവശ്യബോധത്തോടെ ഉറപ്പോടെ നമുക്കു ലഭിക്കണം. ഇതാണ് ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ പ്രവൃത്തി.

സാത്താന്റെ പദ്ധതികളെയും മറഞ്ഞിരിക്കുന്ന തന്ത്രങ്ങളെയും നാം അറിയുന്നില്ല. എന്നാൽ ഒരു പ്രാർത്ഥനാ വീരൻ മറഞ്ഞിരിക്കുന്ന സകല അപകടങ്ങളെയും മണത്തറിയുന്നു, നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവ് നമുക്ക് മുന്നറിയിപ്പും മുന്നൊരുക്കവും തരുന്നു. എല്ലാ കാര്യവും എപ്പോഴും ഓർമ്മിക്കുവാൻ നമുക്ക് കഴിയില്ല. എന്നാൽ പരിശുദ്ധാത്മാവ് എല്ലാം തക്കസമയത്ത് നമ്മെ ഓർമ്മപ്പെടുത്തുന്നു. നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവ് നമ്മുടെ പ്രാർത്ഥനയുടെ സ്വഭാവവും ഉള്ളടക്കവും നിർണ്ണയിക്കും. ആത്മാവിലുള്ള പ്രാർത്ഥന ആത്മപ്രേരിതവും, ആത്മാവ് പഠിപ്പിക്കുന്നതും ആത്മാവ് നടത്തുന്നതും ആത്മാവ് ശക്തീകരിക്കുന്നതുമായ പ്രാർത്ഥന ആയിരിക്കും.

പ്രാർത്ഥനയും ജാഗരണവും

“ അതിനായി ജാഗരിച്ചും കൊണ്ട് ” ഒരു പ്രാർത്ഥനാ വീരൻ ജാഗരൂകനായിരിക്കണം; മടിയനും സ്വാർത്ഥമോഹിയും പ്രാർത്ഥനയിക്ക് കൊള്ളാകുന്നവരല്ല; സമയം തക്കത്തിൽ ഉപയോഗിക്കുന്നവനായിരിക്കണം; പ്രാർത്ഥനയിൽ നിഷ്ഠയുള്ളവനായിരിക്കണം. പ്രാർത്ഥനാ ജീവിതത്തെ പരിപോഷിപ്പിക്കുന്നതിൽ ശ്രദ്ധാലുവായിരിക്കണം; പ്രാർത്ഥനയെ തടസം ചെയ്യുന്ന സംഗതികളെ സംബന്ധിച്ചു ശ്രദ്ധയുള്ളവനുമായിരിക്കണം. ദൈവത്തിന് സഭയെക്കുറിച്ചും ലോകത്തെക്കുറിച്ചുമുള്ള ദൈവത്തിന്റെ പദ്ധതി തിരുവചനത്തിലൂടെ മനസിലാക്കണം. സംഭവങ്ങളുടെ ഗതിവിഗതികളെ വിലയിരുത്തണം, നിവേറുന്ന ദൈവത്തിന്റെ പദ്ധതികൾക്കായി ദൈവത്തെ മഹത്വപ്പെടുത്തണം. സാത്താനോട് എതിർത്തു നില്ക്കണം.

ക്ഷീണിച്ചു മടുത്തുപോകരുത്. മറുപടി താമസിക്കുന്നു എന്നുവച്ച് ക്ഷീണിച്ചുപോകരുത്. മറ്റു കാര്യങ്ങളെ ചൊല്ലി നിരാശരാകരുത്. വിജയംവരെയും ജാഗ്രതയുള്ളവരായിരിക്കാം.

സകല വിശുദ്ധന്മാർക്കുവേണ്ടിയും

“ സകല വിശുദ്ധന്മാർക്കു വേണ്ടിയും ” നാം ഓരോ വ്യക്തിയും മറ്റൊരു വ്യക്തിയുമായി ബന്ധപ്പെട്ടിരിക്കുന്നു. ക്രിസ്തുവുമായുള്ള കൂട്ടായ്മയിൽ നാം പരസ്പരം ബന്ധിക്കപ്പെട്ടരിക്കുന്നു . ഓരോരുത്തരും ഒരു ശരീരത്തിലെ പല അവയവങ്ങളാണ്. ഒരാൾ കഷ്ടം അനുഭവിക്കുമ്പോൾ ശരീരം മുഴുവനായും ആ കഷ്ടതയനുഭവിക്കുകയാണ് ചെയ്യുന്നത്. (1 കൊരി. 12:25,26). ഒരു വ്യക്തി പരാജയപ്പെടുമ്പോൾ ക്രിസ്തുവിന്റെ ശരീരമായ സഭ മുഴുവനായി ആ പരാജയം അനുഭവിക്കുന്നു, സാത്താന്റെ തന്ത്രങ്ങൾക്കെതിരെയുള്ള സഭയുടെ വിജയം സഭയിലെ ഓരോ വ്യക്തിയെയും ആശ്രയിച്ചിരിക്കുന്നു. ഇവിടെ ഓരോ വ്യക്തിയും മറ്റുള്ളവർക്കു വേണ്ടിയും കടമപ്പെട്ടവരാണ്. എല്ലാ വിശ്വാസികളും തങ്ങളെ ദൈവത്തിന് പൂർണ്ണമായി അർപ്പിക്കുന്നില്ല, എല്ലാവരും അവരുടെ ഉന്നത വിളിയെ അനുസരിക്കുന്നില്ല. വിജയകരമായി സാത്താനെതിരെ അണിനിരക്കുന്നില്ല. അനേകർ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിച്ചുകൊണ്ട് ലോകപ്രകാരവും ജഡപ്രകാരവും നടന്നുകൊണ്ട് സാത്താന് ഇടം കൊടുക്കുന്നു. എന്നാൽ കുറച്ച് ആളുകൾ ആത്മാവിനാൽ പ്രകാശിപ്പിക്കപ്പെടുന്നു (എഫെ. 1:17) ആത്മാവിൽ പ്രാർത്ഥിക്കുന്നു(6:18), ആത്മാവിൽ നിറയപ്പെടുന്നു (5:18). സഭയുടെ പരാജയത്തിന്റെ ഉത്തരവാദിത്വം ആർക്കാണ്? എല്ലാ വിശുദ്ധന്മാർക്കു വേണ്ടിയും പ്രാർ ത്ഥിക്കാനുള്ള ഉത്തരവാദിത്വം ഓരോ വിശ്വാസിക്കുമല്ലേ?

ചില ഇടുങ്ങിയ ചിന്താഗതികളും, സ്വാർത്ഥതയും പ്രാർത്ഥനയെ ശക്തിയില്ലാത്തതാക്കിത്തീർക്കുന്നു. നാം സ്വന്തം പ്രാദേശിക സഭയക്കുവേണ്ടി പ്രാർത്ഥിക്കുന്നു, നമ്മുടെ സംഘടനയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു. എന്നാൽ മറ്റു വിവിധ പേരുകളിൽ അറിയപ്പെടുന്നവരായി അനേക സമൂഹങ്ങളായുള്ള പടയാളികൾ ക്രിസ്തുവിന്റെ സൈന്യത്തിന്റെ ഭാഗങ്ങളല്ലേ? അവിടെയും ഇവിടെയും യുദ്ധങ്ങൾ ജയിക്കും, എന്നാൽ ശരിയായ വഴിയിലല്ല നാം

(1-ാം പേജിന്റെ തുടർച്ച)

പ്രാർത്ഥനയിൽ പോരാടുന്നവർക്കുവേണ്ടിയുള്ള വിളി

യുദ്ധം ചെയ്യുന്നതെങ്കിൽ മറ്റൊരിടത്തു ലഭിക്കുന്ന വിജയം നമുക്കു പങ്കിടുവാൻ സാദ്ധ്യമല്ല. പുതിയ പടയാളികളെ കണ്ടെത്തണം. മുറിവേറ്റ പടയാളികളെ ശുശ്രൂഷിക്കണം; നഷ്ടപ്പെട്ട മഹത്വം വീണ്ടെടുക്കണം. നേതാക്കന്മാരെ പരിശീലിപ്പിക്കണം; യുദ്ധസേവയ്ക്കാവശ്യമായ പണം കണ്ടെത്തണം, അങ്ങനെ ഓരോരുത്തരും പ്രാർത്ഥിക്കുമ്പോൾ എല്ലാം അനുഗ്രഹമായി നടക്കും. സകല വിശുദ്ധന്മാർക്കു വേണ്ടിയും ഓരോ വ്യക്തിയും പ്രാർത്ഥിക്കുമ്പോൾ നമ്മെ അത്ഭുതപ്പെടുത്തുന്ന ദൈവ പ്രവർത്തികൾ സംഭവിപ്പാനിടവരും. എഫെസ്യ ലേഖനത്തിലെ രണ്ട് പ്രാർത്ഥനകൾ ശ്രദ്ധേയമാണ് (1:15-19; 3:14-20).

ഞാൻ ചങ്ങല ധരിച്ച് സ്ഥാനാപതിയായി സേവിക്കുന്ന സുവിശേഷത്തിന്റെ മർമ്മം പ്രഗൽഭ്യത്തോടെ അറിയിപ്പാൻ എന്റെ വായ് തുറക്കുമ്പോൾ എനിക്ക് വചനം നൽകപ്പെടേണ്ടതിനും ഞാൻ സംസാരിക്കേണ്ടുംവണ്ണം അതിൽ പ്രാഗൽഭ്യത്തോടെ സംസാരിക്കേണ്ടതിനും പ്രാർത്ഥിപ്പിൻ" (എഫെ.6:19,20).

ആദിമ സഭയിൽ ക്രിസ്തുവിന്റെ പടയാളികളിൽ ശ്രേഷ്ടനായിരുന്നു പൗലൊസ്. ദുഷ്ടനായ സാത്താന്റെ ക്രൂരമായ ആക്രമണങ്ങൾക്കെതിരെ ശക്തമായ ഒരു അടയാളമായിരുന്നു പൗലൊസ്. സാത്താന് പൗലൊസിനെ ജയിലിലാക്കുവാൻ കഴിഞ്ഞു, അതോടെ കാര്യം വിജയിച്ചു എന്ന് സാത്താൻ കരുതി, എന്നാൽ ഭയമില്ലാത്ത ആ പഴയ പടയാളി പ്രാർത്ഥനയാൽ സാത്താനെ ജയിച്ചു. സാത്താൻ ചങ്ങലയാൽ പൗലൊസിനെ ബന്ധിച്ചു. എന്നാൽ ആ കാരാഗൃഹത്തിലൂടെ വൻ കാര്യങ്ങൾ ചെയ്യുവാൻ തന്റെ പ്രാർത്ഥനയാൽ ദൈവം പൗലൊസിനെ ശക്തനാക്കി.

ഭയമില്ല എങ്കിലും അകമെ ശരിക്ക് ഉറപ്പു വരുന്നില്ല. ധൈര്യത്തോടെ സുവിശേഷം പ്രസംഗിക്കുവാനും, ക്രിസ്തുവിന്റെ സ്ഥാനാപതി എന്ന നിലയിൽ തന്റെ ദൗത്യം വിജയകരമായി പൂർത്തിയാക്കുവാനും ശക്തിയും ധൈര്യവും തനിക്ക് ആവശ്യമായിരുന്നു.

അതിനായി വിശുദ്ധന്മാരുടെ പ്രാർത്ഥനയായ സഹായം പൗലൊസ് അഭ്യർത്ഥിക്കുകയാണ്. അതെ, വീട്ടിലും പ്രവർത്തനമേഖലകളിലും ഒരു പോലെ ക്രിസ്തുവിന്റെ വിശ്വസ്തരായ പടയാളികൾക്ക് ആവശ്യമായിരിക്കുന്നത് വിശുദ്ധന്മാരുടെ പ്രാർത്ഥനയാണ്. കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള രക്ഷയെ പ്രസിദ്ധമാക്കുന്ന വിശ്വസ്തരായ ദൂത വാഹികൾക്ക് യോഗ്യമല്ലാത്തതാണ് ഇന്നത്തെ ചുറ്റുപാടുകൾ. സുവിശേഷം നിമിത്തം അനേകർ ഉപദ്രവിക്കപ്പെടുകയും ജയിലടയ്ക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്നു. പൗലൊസും അതുപോലെയായിരുന്നു. അവർ നമ്മോടു പറയുന്നു, ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ.

ദൈവത്തിന്റെ സൈന്യത്തിൽ വിരമിക്കയില്ല!

ദൈവത്തിന്റെ സൈന്യത്തിൽ വിരമിക്കൽ എന്ന പരിപാടിയില്ല. മുന്നിൽ നിന്ന് പോരാടി തന്റെ പഴയ ചില പോരാളികളെ അവരുടെ ധാരാളമായ പരിചയം നിമിത്തമോ അവരുടെ സ്ഥാനത്തിന് വ്യത്യാസം വരുത്തി പ്രാർത്ഥനയ്ക്ക് നേതൃത്വം കൊടുക്കുവാനായി മാറ്റമുണ്ട്. ദൈവത്തിന് ഇന്ന് മറ്റെന്തിനേക്കാൾ ആവശ്യം പ്രാർത്ഥനാവീരന്മാരെയാണ്. അവനിൽ ഒന്നായിരിക്കാനുള്ള ബഹുമാനം നമുക്കു തന്നാൽ അത് ധാരാളമായ സന്തോഷം നമുക്കു നൽകട്ടെ.

ക്രിസ്തുവിനോടുള്ള ബന്ധത്തിലും സഭയോടുള്ള ബന്ധത്തിലും സാത്താനോടുള്ള ബന്ധത്തിലും അത്യധികമായ ചുമതലയാണ് പ്രാർത്ഥനാ വീരന്റെ മേലുള്ളത്. ക്രിസ്തുവിനോടുള്ള ബന്ധത്തിൽ കർത്താവിനോടുള്ള പൂർണ്ണമായ കൂട്ടായ്മയിൽ പിതാവിന്റെ നിത്യമായ ഉദ്ദേശം കർത്താവിൽ കൂടെയും ചെയ്തെടുക്കുക എന്നതാണ്. അതിന് പിതാവിന്റെ ഇഷ്ടത്തെ സംബന്ധിച്ച ശരിയായ അറിവ് അത്യന്താപേക്ഷിതമാണ്. കർത്താവ് തന്റെ വചനത്തിലൂടെ വെളിപ്പെടുത്തിയിരിക്കുന്ന തന്റെ ആത്മാവിന്റെ നിയന്ത്രണത്തിൽ സഭയിൽ കർത്താവ് ചെയ്തെടുക്കുന്ന പ്രവൃത്തിയെക്കുറിച്ചും മാത്രമല്ല, കള്ള പ്രവാചകന്മാരാലും, ദുരുപദേഷ്ടാക്കന്മാരാലും, മാനുഷിക ജ്ഞാനത്താലും പദ്ധതിയാലും ഉള്ള നേതൃത്വത്താൽ നടത്തപ്പെടുന്ന തെറ്റായ പ്രവർത്തനങ്ങളെക്കുറിച്ചും നല്ല ജ്ഞാനം ദൈവവചനത്തിലൂടെ പ്രാപിച്ചിരിക്കേണ്ടതാണ്. പ്രാർത്ഥനയിൽ നമ്മുടെ കർത്താവുമായുള്ള കൂട്ടായ്മയിൽ എല്ലാ യുദ്ധക്കളങ്ങളിലും പോരാടി ശത്രുവിന്റെ കോട്ടകളെ പൂർണ്ണമായും പരാജയപ്പെടുത്തുന്നു.

സഭയുമായുള്ള നമ്മുടെ ഉത്തരവാദിത്വം വലുതും ബഹുവിധവുമാണ്. സഭ ക്രിസ്തുവിന്റെ ശരീരം എന്ന നിലയിൽ ദൈവവചനത്തിന്റെ പഠിപ്പിക്കലുകളെ നാം നന്നായി മനസിലാക്കണം. ഉപദേശങ്ങളെ കയ്യിലെടുക്കുകയല്ല, പിന്നെയോ, പ്രായോഗികമായുള്ള വിശുദ്ധന്മാരുടെ ഐക്യത ഉറപ്പുവരുത്തണം. നിറം നോക്കാതെ, കുലം നോക്കാതെ രാജ്യത്തെയോ നിലവാരത്തേയോ നോക്കാതെ ഒരു മനസ്സോടെ ക്രിസ്തുവിന്റെ ശരീരമായ സഭ ഉന്നതമായ ദൈവത്തിന്റെ പദ്ധതിയുടെ ഉയരങ്ങളിലേയ്ക്ക് എത്തേണ്ടതാണ്. എല്ലാറ്റിനും അത്യന്തം മീതെ സാത്താന്റെ മേൽ ജയം നൽകി ഏറ്റവും ഉന്നതമായി നടത്തുന്നു.

സാത്താനോടുള്ള ബന്ധത്തിൽ നമ്മുടെ ചുമതല എന്നത് ഏറ്റവും വലുതാണ്. എന്നാൽ ഭൂരിഭാഗം വിശ്വാസികളും അതിനെക്കുറിച്ച് ബോധവാന്മാരല്ല. ക്രിസ്തു അതിനെക്കുറിച്ച് ഇങ്ങനെ പറയുന്നു. " ബലവാനെ പിടിച്ചുകെട്ടീട്ടല്ലാതെ ബലവാന്റെ വീട്ടിൽ കടന്ന് അവന്റെ കോപ്പ് കവർന്ന് കളവാൻ എങ്ങനെ കഴിയും? പിടിച്ചുകെട്ടിയാൽ പിന്നെ അവന്റെ വീടു കവർച്ച ചെയ്യാം " (മത്താ. 12:29).

" ...ശത്രുവിന്റെ സകല ബലത്തേയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്ക് അധികാരം തരുന്നു". (ലൂക്കൊ. 10:19).

നാം പലപ്പോഴും സാത്താനെയും അവന്റെ തന്ത്രങ്ങളെയും പിടിച്ചുകെട്ടുവാൻ ശ്രമിച്ചിട്ടില്ലേ? ദൈവം നമുക്കു തന്ന അധികാരത്തിനെക്കുറിച്ചു അറിവുണ്ടെങ്കിലും ഭയം നിമിത്തം അത് പ്രായോഗികമാക്കാൻ കഴിയാതെ പോയിട്ടല്ലേ? അതിന്റെ ഫലമോ, സാത്താൻ നമ്മെ കെട്ടി (ലൂക്കോ. 13:16). അവനെ കെട്ടി അവന്റെ പ്രവൃത്തികളെ തടയേണ്ടതിന് പകരം അവൻ നമ്മെ തടഞ്ഞു വച്ചിരിക്കുന്ന അനുഭവം. ദൈവം ആഗ്രഹിക്കുന്നത് ഒരു പ്രാർത്ഥനാ വീരൻ തന്റെ മേൽ പകർന്നിട്ടുള്ള അധികാരത്തെ അതെ കർത്താവിന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നതിലൂടെ ലഭിച്ച അധികാരത്തെ സാത്താനെ പരാജയപ്പെടുത്തുന്നതിനായി ഉപയോഗിക്കണം എന്നാണ്.

സുവിശേഷത്തിന്റെ വാതിലുകളെ, അടച്ചുകളവാൻ സാത്താനു ഒരു അധികാരവുമില്ല. എന്നാൽ അവ

(ശേഷം 7-ാംപേജിൽ)

(6-ാം പേജിന്റെ തുടർച്ച)

പ്രാർത്ഥനയിൽ പോരാടുന്നവർക്കുവേണ്ടിയുള്ള വിളി

നെ ആരാധിക്കുവാൻ വിശ്വാസികളെ പ്രേരിപ്പിക്കുന്നു; മിഷ്യനറിമാരെ വേലയിൽ നിന്നും പിന്തിരിപ്പിക്കുവാൻ തന്ത്രങ്ങൾ മെനയുന്നു; സാമ്പത്തിക വഴികളെ അടയ്ക്കുവാൻ പോരാടുന്നു, തന്റെ ഏജന്റുമാരെയും ദുരുപദേശക്കാരെയും മീഷൻ സ്ഥലങ്ങളിലും സുവിശേഷം പ്രസംഗിക്കുന്ന ആലയങ്ങളിലും കടത്തി വിടുവാൻ ശ്രമിക്കുന്നു. ഉണർവിന്റെ വേലയേയും സമ്പൂർണ്ണ രക്ഷയെക്കുറിച്ചുള്ള ദൂതിനെയും തടഞ്ഞു വയ്ക്കുവാൻ ശ്രമിക്കുന്നു. സഭയിലും മിഷൻ കേന്ദ്രങ്ങളിലും പ്രശ്നങ്ങൾ സൃഷ്ടിക്കുവാൻ ശ്രമിക്കുന്നു, ആത്മാവിനെയും മനസിനെയും ശരീരത്തേയും ക്ഷീണിപ്പിക്കുവാൻ ശ്രമിക്കുന്നു. കർത്താവിന്റെ വരവിനെക്കുറിച്ചുള്ള സത്യത്തിനെതിരെ കണ്ണുകളെ കുരുടാക്കുന്നു, കർത്താവിന്റെ ശരീരമാകുന്ന സഭയുടെ ശുദ്ധീകരണത്തേയും വേലയുടെ പൂർത്തീകരണ പരിപാടികളെയും തടസപ്പെടുത്തുന്നു. ക്രിസ്തുവിന്റെ ആത്യന്തിക വിജയത്തിനും ദൈവത്തിന്റെ നിത്യമായ പദ്ധതികൾക്കും എതിരേ പോരാടുന്നു. അതുകൊണ്ട് ദൈവത്തിന് ഈ നാളുകളിൽ പ്രാർത്ഥനയിൽ പോരാടി ദൈവം നൽകുന്ന അധികാരത്തെ കൈവശമാക്കി സാത്താന്റെ തന്ത്രങ്ങളെ പരാജയപ്പെടുത്തുന്ന പ്രാർ ത്ഥനാവീരന്മാരെ ആവശ്യമുണ്ട്.

പ്രിയ കൂട്ടുവിശ്വാസിയേ, നിങ്ങൾ ഒരു പ്രാർത്ഥനാ വീരൻ ആണോ? അല്ല എന്നുവരികിൽ ഇന്നു നിങ്ങളെ ക്രിസ്തുവീന് സമർപ്പിക്കുമോ? അവിടുന്ന് നിങ്ങളെ പഠിപ്പിക്കയും പരിശീലിപ്പിക്കയും ചെയ്യും.

സാത്താന് ഇടം കൊടുക്കുന്നു.

“ പിശാചിന് ഇടം കൊടുക്കരുത്. എഫെ. 4:27 പിശാചിന് ഇടംകൊടുക്കുന്നതിലൂടെ ക്രിസ്തുവിന്റെ ക്യാംപിൽ പിശാചിന്റെ തല സ്ഥാനത്തിന് അടിസ്ഥാനമാവുന്നു. ക്രിസ്തുവിന്റെ പടയാളികൾ പിശാചിന് ഇടംകൊടുക്കുന്നതുവഴി നമ്മുടെ മുഖ്യ ശത്രുവിന് വഴിതുറന്നു കൊടുക്കുകയാണ്. പിശാചിന് ഇടം കൊടുക്കുന്നതു വഴി നമ്മുടെ നേതാവായ ക്രിസ്തുവിന് മാത്രം ഉപയോഗിക്കേണ്ട അവിടുത്തെ സേന ചെയ്യുന്നത്. അത് ക്രിസ്തുവിനെ പുറത്തുപോകുവാൻ നിർബ്ബന്ധിക്കുന്നു. ഇത് സർവ്വശക്തന്റെ പ്രവൃത്തിയെ ദുർബ്ബലമാക്കുന്നു. പിശാചിന് ഇടംകൊടുക്കുന്നതിലൂടെ ദൈവഭക്തി കുറയുന്നു, രാജ്യദ്രോഹികളെയും നാശകന്മാരെയും കൊണ്ട് സേനനിറയുന്നു.

അതുകൊണ്ട് അല്പ ഇടം പ്രാർത്ഥനാ വീരന്റെ ജീവിതത്തിൽ തരപ്പെടുത്താനായി അവൻ വിശ്രമം കൂടാതെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഒരു ചെറിയ ഇടത്തിൽ നിന്നും അവൻ പ്രവർത്തിച്ചു തുടങ്ങും. വളരെ വേഗം അവൻ തനിക്ക് നിലനില്പ് ഉണ്ടാക്കും. നമ്മുടെ ബലഹീനതകളെ അവൻ അറിയുന്നു. നമ്മുടെ ശ്രദ്ധചെല്ലാത്തിടത്ത് അവൻ പ്രവർത്തിക്കും. ബലഹീനമായ വശങ്ങളെ അവൻ പരമാവധി പ്രയോജപ്പെടുത്തും. നമ്മുടെ ശ്രദ്ധയെ അൻ തിരിച്ചുകളയും. ബലഹീനവശങ്ങളെ നോക്കി പരീക്ഷിക്കും. വഞ്ചകനായ പിശാച് തന്ത്രപരമായി പ്രവർത്തിച്ചു വിശ്വാസികളെ തന്റെ പാട്ടിലാക്കാനായി ശ്രമിക്കുന്നു. യഥാർത്ഥ ആത്മീയരായ വിശ്വാസികളുടെ അടുക്കൽ വെളിച്ച ദൂതന്റെ വേഷത്തിൽ വന്നിട്ട് ഞാൻ ദൈവദൂതനാണ് എന്ന് അവകാശം പറഞ്ഞ് വഞ്ചിക്കുവാൻ ശ്രമിക്കും. ഏതു രീതിയും അവൻ അവലംബിക്കും. ചിലപ്പോൾ സൗമ്യനായിവരും, മറ്റു ചിലപ്പോൾ ക്രൂരനായി വരും, ഏതു വേഷവും അവൻ കെട്ടും. ഒരു വ്യക്തിയെ അല്ലെങ്കിൽ ഒരു സ്ഥലത്തെ ലക്ഷ്യം വച്ച് പ്രവേശിച്ചാൽ അവൻ ഒരു ക്രിസ്തീയ പോരാളിയുടെ ആത്മാഭിമാനത്തിന്റെ അടിത്തറ തോണ്ടി അവന്റെ പോരാട്ടത്തിന്റെ വീര്യം നശിപ്പിക്കുന്നു, അവന്റെമേൽ ആധിപത്യം സ്ഥാപിച്ചിട്ട് അവനെ തന്റെ സഹകുറ്റവാളിയാക്കി ത്തീർക്കുന്നു.

പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്നു.

ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത് ” (എഫെ. 4:30). പിശാചിന് ഇടംകൊടുക്കുന്ന ഒരുവൻ ആത്മിക അനുഭവങ്ങൾ നഷ്ടപ്പെട്ടിട്ട് ഭയത്തിനും ഭീകരതയ്ക്കും അടിമയാവുന്നു. മാത്രമല്ല പിശാചിന്റെ വിജയത്തിന് അവസരമൊരുക്കി ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്നു.

മഹത്വീകരിക്കപ്പെട്ട കർത്താവിന്റെ പരിശുദ്ധാത്മാവിന്റെ ശക്തി നമ്മിൽ വസിച്ചുകൊണ്ട് ആ അത്യന്തിക ശക്തിയെ നമ്മുടെ ജീവിതത്തിലൂടെ വെളിപ്പെടുത്തി തനിക്കു വേണ്ടി ശക്തിയോടെ നിൽക്കുവാൻ നമ്മെ ഒരുക്കുന്നു. പരിശുദ്ധാത്മാവിനെതിരെയുള്ള പ്രവൃത്തിയുള്ള പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുകയും ക്രിസ്തുവിനെ പരാജയപ്പെടുത്തി സാത്താന്റെ കൈകളെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

ആത്മാവിൽ നിറഞ്ഞവരായിരിക്ക

“ .....ആത്മാവിൽ നിറഞ്ഞവരായിരിപ്പിൻ ” (എഫെ. 5:18). ഇതാണ് വിജയിയായ പോരാളിയുടെ മുദ്രവാക്യം. ഇതാണ് ഒരു ആത്മ നിറവുള്ള പോരാളി. അവൻ മാത്രം സാത്താന്റെ സൈന്യത്തെ ജയിക്കുന്നു.

നിറയുക ആത്മാവിന്റെ ജ്ഞാനത്താൽ (1:17) അവൻ പിശാചിന്റെ തന്ത്രങ്ങളെ അറിയുന്നു. നിറയുക ആത്മാവിന്റെ ശക്തിയാൽ (3:16). അവൻ പിശാചിനെതിരെനില്ക്കുന്നു. നിറയുക ആത്മാവിന്റെ നിറവുകളാൽ (3:19), അവൻ ദൈവത്തന്റെ പരിശുദ്ധാത്മാവിന്റെ അത്യന്ത ശക്തി പ്രാപിച്ചുകൊണ്ട് സാത്താന്റെ സകല ശക്തികളോടും തന്ത്രങ്ങളോടും പോരാടി ജയിക്കുന്നു.

“ അതുകൊണ്ട് ദുർദിവസത്തിൽ എതിർപ്പാനും സകലവും സമാപിച്ചിട്ട് ഉറെച്ചു നില്പാനും കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എടുത്തുകൊൾവിൻ” (6:13). ❖

(4-ാം പേജിന്റെ തുടർച്ച)

അത്ഭുതവാനായ യേശു

മറുരൂപ മലയിൽ ഉജ്ജ്വലമായ പ്രകാശത്തിൽ യേശുവിന്റെ മുഖം സൂര്യനെപ്പോലെ ശോഭിച്ചു. അവന്റെ വസ്ത്രം വെളിച്ചം പോലെ വെള്ളയായിതീർന്നു. മത്തായി. 17:2. അവന്റെ ധാർമ്മികമായ പവിത്രതയുടെ അടയാളമായി പുറമേ വെളിപ്പെട്ടതാണ് അത്.

യേശുക്രിസ്തു വിശുദ്ധിയിൽ പരിപൂർണ്ണതയുള്ളവൻ ആയിരുന്നതിനു പുറമേ സ്നേഹത്തിലും പരിപൂർണ്ണനാണ്. അവന് തന്റെ പിതാവിനോടുള്ള സ്നേഹം വെളിപ്പെട്ടത് ദൈവത്തിന്റെ സകല കല്പനകളും നിരാകരിക്കാതെ അനുസരിക്കുന്നതിലും ദൈവഹിതത്തിന് തന്നെത്തന്നെ മാറ്റി നിറുത്താതെ സമർപ്പിക്കുന്നതിലും ആയിരുന്നു. പിതാവിന്റെ ഹിതം നിവർത്തിക്കുന്നത് യേശുക്രിസ്തുവിന്റെ പ്രമോദം ആയിരുന്നു. യേശു ശിഷ്യന്മാരോട് പറഞ്ഞത് “എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്തു അവന്റെ പ്രവൃത്തി തികെക്കുന്നതു തന്നെ എന്റെ ആഹാരം” (യോഹന്നാൻ 4:34)

(ശേഷം അടുത്ത ലക്കം)

(കഴിഞ്ഞ ലക്കം തുടർച്ച)

പ്രതിയോഗിയെ നേരിടുന്നു

നമ്മുടെ കണ്ണുകളെ തുറപ്പിക്കുന്ന മറ്റൊരു സത്യം പൗലൊസ് എഫെസ്യർ ഒന്നും രണ്ടും അദ്ധ്യായങ്ങളിൽ പറയുന്നത് " ക്രിസ്തുവിലുള്ള അധികാരം വിശ്വസിക്കുന്ന നമുക്കുവേണ്ടി (1:9) നൽകിയിരിക്കുന്നു" എന്നാണ്. എപ്പോൾ അല്ലെങ്കിൽ എവിടെയാണ് ഇത് സംഭവിക്കുന്നത്? പൗലൊസ് മുമ്പേ ആ അധികാരത്തെക്കുറിച്ച് വ്യക്തമാക്കിയിരുന്നു, " ആ അധികാരത്താൽ ദൈവം ക്രിസ്തുവിനെ മരണത്തിൽ നിന്നും ഉയിർപ്പിച്ച് പിതാവിന്റെ വലത്തുഭാഗത്ത് മറ്റെല്ലാ അധികാരങ്ങൾക്കും മീതെ ഇരുത്തുകയും ചെയ്തു" (1:19-21). നമ്മെ ബന്ധപ്പെടുത്തി പൗലൊസ് പിന്നെയും സംസാരിക്കുന്നത്: "കരുണസമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കയും കൃപയാലത്രേ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു". "ക്രിസ്തുയേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ തന്റെ കൃപയുടെ അത്യന്ത ധനത്തെ വരുംകാലങ്ങളിൽ കാണിക്കേണ്ടതിന് "(2:4-6).

നാം അറിയുവാനായി പൗലൊസ് ആഗ്രഹിക്കുന്നത് ക്രിസ്തു മരണത്തിൽ നിന്നും ഉയിർത്തെഴുന്നേറ്റു (1:2), അവനിൽ വിശ്വസിച്ചവരായ നാമും ആത്മീയമായി മരിച്ച അവസ്ഥയിൽ നിന്നും ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്നു. ക്രിസ്തുവിനോടുകൂടെ ജീവിച്ചു (2:5,6). കല്ലറയിൽ നിന്നുള്ള ക്രിസ്തുവിന്റെ ഉയിർപ്പും ആത്മീക മരണത്തിൽ നിന്നുള്ള നമ്മുടെ ഉയിർപ്പും ഒരേ സമയമാണ് സംഭവിച്ചത്. തലയാകുന്ന ക്രിസ്തു വും ശരീരമാകുന്ന സഭയും ഒരുമിച്ചാണ് ഉയിർക്കേണ്ടിയിരുന്നത്.

മാത്രമല്ല ദൈവം ക്രിസ്തുവിനെ തന്റെ വലത്തു ഭാഗത്തു ഇരുത്തിയപ്പോൾ സകല അധികാരവും അവിടുത്തേയ്ക്ക് കൊടുക്കുകയായിരുന്നു (എഫെ. 1:20,21). "അവിടുന്ന് നമ്മെയും തന്റെ വലത്തു ഭാഗത്ത് ഇരുത്തി അധികാരവും തന്നിരിക്കുന്നു" (എഫെ. 2:6). കാരണം അവിടുന്ന് നമ്മെ, ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കയും (2:5). നാം ക്രിസ്തുവിനെ സ്വീകരിച്ച അതേ സമയം 2000 വർഷങ്ങൾക്കു മുമ്പ് നമുക്കുവേണ്ടി ഒരുക്കിയ സമ്പത്തിന് നാം അവകാശികളായിത്തീരുകയാണ് ചെയ്യുന്നത്. ദൈവമക്കൾ എന്ന നിലയിൽ നമുക്കുള്ള അധികാരം ഭാവിയിലേതങ്കിലുമൊരു ദിവസം നാം പ്രാപിക്ക എന്നല്ല, പിന്നെ യോ അത് ദൈവം നമുക്കു നൽകിയിരിക്കയാണ്. നാം ആത്മീകമായി ജീവിക്കുന്ന ദൈവമക്കളാണിപ്പോൾ. നാം സ്വർഗ്ഗസ്ഥലങ്ങളിൽ കർത്താവിനോടുകൂടെ ഇരുത്തപ്പെട്ടവരാണ്. സകല അന്ധകാരശക്തിയുടെമേലും നാം അധികാരം പ്രാപിച്ചിരിക്കയാണ്.

പൗലൊസ് കൊലൊസ്യർക്ക് ലേഖനം എഴുതുമ്പോൾ ജീവിതത്തെ രൂപാന്തരപ്പെടുത്തുന്ന ഈ സത്യത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു (കൊല. 2:10). ശ്രദ്ധിക്കുക, ഭൂതകാലപ്രയോഗമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു. എപ്പോൾ? യേശുക്രിസ്തുവിന്റെ മരണപുനരുത്ഥാന, സ്വർഗ്ഗാരോഹണത്തോടുകൂടെ. ക്രിസ്തുവിനെ ദൈവം സകലത്തിന്റെയും തലയായി അധികാരപ്പെടുത്തിയപ്പോൾ നാമും സ്വർഗ്ഗസ്ഥലത്തിരുത്തപ്പെട്ടു, സകല വാഴ്ചകളുടെയും അധികാരങ്ങളുടെയും മേൽ അധികാരം നൽപ്പെട്ടിരിക്കുന്നു.

ക്രിസ്തുവിന്റെ മരണ, പുനരുത്ഥാന, സ്വർഗ്ഗാരോഹണ സമയത്ത് സംഭവങ്ങളെ കൊലൊസ്യ ലേഖനത്തിൽ പിന്നെയും പൗലൊസ് പറഞ്ഞിരിക്കുന്നു. " വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെയ്പിച്ചു, ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി, അവരെ പരസ്യമായ കാഴ്ചയാക്കി " (കൊലൊ. 2:15). മാത്രമല്ല, 2000 വർഷങ്ങൾക്കു മുമ്പ് പ്രഖ്യാപിച്ച പ്രഖ്യാപനത്താൽ നാം ക്രിസ്തുവിൽ ജീവിക്കുന്നവരായി, യേശു തേല്പിച്ചത് അല്പാല്പമായിട്ടല്ല; അത് ഭാവിയിൽ നടക്കേണ്ട ഒരു സംഭവവുമല്ല; ഇത് സംഭവിച്ചിരിക്കുന്ന ഒരു യാഥാർത്ഥ്യമാണ്.

സാത്താൻ ആയുധം വച്ച് കീഴടങ്ങിയ ശത്രുവെഹ്കിൽ എന്തുകൊണ്ട് ആ വിജയം കൂടുതലായി നാം പ്രായോഗികമാക്കുന്നില്ല? ഇവിടെ മറ്റൊരുവാക്യം, സാത്താൻ അലറുന്ന സിംഹംപോലെ ആരെ വിഴുങ്ങേണ്ടു എന്ന് പറഞ്ഞ് ചുറ്റിനടക്കുന്നു. വാസ്തവത്തിൽ അവൻ പല്ല് നഷ്ടപ്പെട്ടവനാണ്, അധികാരം നഷ്ടപ്പെട്ടവനാണ്. എന്നാൽ അവൻ ഭാവിക്കുന്നത് അവന് നമ്മെ ചവച്ചുതുപ്പാൻ കഴിയും, നമ്മുടെ സ്വഭാവത്തെ അവന് നിയന്ത്രിക്കാൻ കഴിയും, അവൻ ഇച്ഛിക്കുന്നത് നമ്മിൽ ചെയ്യാൻ കഴിയും എന്നൊക്കെയാണ്. എന്നാൽ അത് അവന്റെ വ്യാമോഹം മാത്രമാണ്.

ക്രിസ്തുവിലൂടെ നമുക്ക് ലഭിച്ച അധികാരത്താൽ നാം യഥാർത്ഥത്തിൽ സാത്താന്റെ പ്രവർത്തികളെ നിയന്ത്രിക്കുകയാണ് ചെയ്യുന്നത്. പൗലൊസ് എഫെസ്യലേഖനത്തിൽ എഴുതുന്നത്. സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയ വനായ എനിക്ക് ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെക്കുറിച്ച് പ്രസംഗിപ്പാനും സകലവും സൃഷ്ടിച്ച ദൈവത്തിൽ അനാദികാലം മുതൽ മറഞ്ഞു കിടന്ന മർമ്മത്തിന്റെ വ്യവസ്ഥ ഇന്നതെന്ന് എല്ലാവർക്കും പ്രകാശിപ്പിപ്പാനുമായി ഈ കൃപ നൽകിയിരിക്കുന്നു. അങ്ങനെ ഇപ്പോൾ സ്വർഗ്ഗത്തിൽ വാഴ്ചകൾക്കും അധികാരങ്ങൾക്കും ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം അവൻ നമ്മുടെ കർത്താവായ യേശുക്രിവിസ്തുവിൽ നിവർത്തിച്ച അനാദി നിർണ്ണയ പ്രകാരം സഭമുഖാന്തരം അറിവായ് വരുന്നു (എഫെ. 3:8-11).

നമുക്ക് പോരാട്ടമുള്ളത് ആരോടാണ്? " വാഴ്ചകളോടും അധികാരങ്ങളോടും സ്വർലോകത്തിലെ ദുഷ്ടാത്മസേനയോടും അത്രേ". ചിലർ ഇന്നും ചോദിക്കുന്നത്, എന്ത് വാഴ്ചകൾ എന്ത് അധികാരമാണത്? ദുഷ്ടദൂതന്മാരുടെ ആസ്തിക്യത്തെ സംബന്ധിച്ച് പലരും ബോധവാന്മാരല്ല. നാം നമ്മുടെ കാര്യങ്ങളിൽ മുഴുകിയിരിക്കുമ്പോൾ അന്ധാകരത്തിന്റെ അധിപതികളെക്കുറിച്ച് ദൈവവചനം പറയുന്നത് പലപ്പോഴും ശ്രദ്ധിക്കാറില്ല. മറ്റു ചിലരാണെങ്കിൽ പിശാചിനെ ഭയന്നിട്ട് സഹായത്തിനായി കേഴുകയാണ്. പിശാച് ഞങ്ങളോട് അലറുന്നു, കർത്താവേ ഞങ്ങളെ രക്ഷിക്കേണമേ. എന്നാൽ ദൈവത്തിന്റെ മറുപടി ഞാൻ ചെയ്യേണ്ടത് എല്ലാ ചെയ്തിരിക്കുന്നു. ഞാൻ ക്രൂശിൽ സാത്താനെ തോല്പിച്ച് ആയുധം വെയ്പ്പിച്ചിരിക്കുന്നു. ഞാൻ സകല അധികാരവും ക്രിസ്തുവിൽ നിങ്ങൾക്ക് തന്നിരിക്കുന്നു. ഇപ്പോൾ കണ്ണു തുറക്കുക നിങ്ങൾ ആരാണെന്ന് മനസ്സിലാക്കുക, നിങ്ങൾ പ്രാപിച്ചിരിക്കുന്ന അധികാരത്തെ പ്രായോഗികമാക്കുക. ❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975